(ബി) ഈ കേസ്സുകളിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ; പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ എന്നറിയിക്കുമോ;

(സി) 2006-11 വർഷങ്ങളിൽ കാസർകോട് ജില്ലയിൽ ഉണ്ടായ കൊലപാതക-മോഷണക്കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മൂന്ന് കൊലപാതക-മോഷണ (Murder for Gain) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ചന്ദേര പോലീസ് സ്റ്റേഷൻ | - | 1 |
| മഞ്ചേശ്വർ പോലീസ് സ്റ്റേഷൻ | - | 1 |
| ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ | - | 1 |

(ബി) ആകെ പത്ത് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) 2006-2011 വർഷങ്ങളിൽ രണ്ട് കൊലപാതക-മോഷണ (Murder for Gain) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ**

204 (1948) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര കേസ്സുകൾ (ജില്ല അടിസ്ഥാനത്തിൽ) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിനെതിരെ ഉള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ 1989-ലെ അതിക്രമങ്ങൾ തടയൽ ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാത്ത സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 4,391 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുകയും, കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**കാഞ്ഞങ്ങാട് ട്രാഫിക് യൂണിറ്റ്**

205 (1949) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് അനുവദിച്ച ട്രാഫിക് യൂണിറ്റിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിച്ച് യൂണിറ്റിന് ആവശ്യമായ നിയമനങ്ങൾ നടത്തുമോ;

(സി) യൂണിറ്റിന് പുതിയ വാഹനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ഒരു പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി & സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ**

206 (1950) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി പോലീസ് സബ്ഇൻസ്പെക്ടർ ഓഫീസിന്റെ പ്രവർത്തന പരിധി എത്ര കിലോമീറ്റർ ചുറ്റളവിലാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly